

# കാശിത്തുമ്പ

പി.എസ്.എച്ച്.എസ്

പള്ളിപ്പുറം

ഡിജിറ്റൽ മാഗസിൻ-2024

# പട്ടാര്യസമാജം ഹൈസ്കൂൾ




**പള്ളിപ്പുറം**

**പള്ളിപ്പുറം. പി.ഒ,ചേർത്തല**

**ആലപ്പുഴ 688541**

**phone-0478 2553305**

**email- 34027alappuzha@gmail.com**

**പി എസ് എച്ച് എസ്**




# LK/2019/34027

**പി എസ് എച്ച് എസ്**

## ആമുഖം

പള്ളിപ്പുറം പട്ടാര്യ സമാജം ഹൈസ്കൂളിൻെറ ഡിജിറ്റൽ മാഗസിൻ- കാശിത്തുമ്പ-നിങ്ങൾക്കായി സമർപ്പിക്കുകയാണ്.2022-2025 ബാച്ച് കുട്ടികളാണ് ഇതിനു പിന്നിൽ പ്രവർത്തിച്ചത്.പഠനത്തോടൊപ്പം പാഠ്യേതരപ്രവർത്തനങ്ങളിലും ഞങ്ങളുടെ കുട്ടികൾ മികവുപുലർത്തുന്നവരാണ്.അതിൻെറ മികച്ച ഉദാഹരണമാണ്
കാശിതുമ്പ എന്ന ഈ ഡിജിറ്റൽ മാഗസിൻ.ഇതിൽ പോരായ്മകളുണ്ടാകാം, അതെല്ലാം സ്നേഹപൂർവം ക്ഷമിച്ച് ഈ മാഗസിൻ സ്വീകരിക്കണമെന്ന് അറിയിക്കുന്നു.

**കാശിത്തുമ്പ** നിങ്ങാൾക്കായി സമർപ്പിക്കുന്നു..

എഡിറ്റോറിയൽ ടീം..

പി എസ് എച്ച് എസ്

# ആശംസ

## സ്കൂൾമാനേജർ

## ഡോ. ജയൻ



ഈ നിമിഷത്തിൽ എനിക്ക്
സന്തോഷം,അഭിമാനം.ഒരുപുതുയുഗത്തിലേക്ക് കടക്കുന്ന
എൻെറ കുട്ടികളുടെ ആസ്വാദനങ്ങൾ നിറഞ്ഞ ഈ
താളുകൾക്ക് എല്ലാ ആശംസകളും നേരുന്നു....

**പി എസ് എച്ച് എസ്**

# ആശംസ

ഹെഡ് മാസ്റ്റർ

എസ്.കെ. സുനിൽ



**കാശിത്തുമ്പ** എന്ന ഡിജിറ്റൽ മാഗസിന്

എൻെറ എല്ലാവിധ ആശംസകളും നേരുന്നു.....

പി എസ് എച്ച് എസ്

# ആശംസ

പി.ടി.എ പ്രസിഡൻറ്

## വി.കെ .ഗോപിദാസ്



**കാശിത്തുമ്പ എന്ന ഡിജിറ്റൽ മാഗസിന് എൻെറ എല്ലാവിധ ആശംസകളും നേരുന്നു.....**


**പി എസ് എച്ച് എസ്**

# ഉള്ളടക്കം

ജപ്പാൻ വെള്ളം -------------------------09
കൂട്ട്-------------------------------------11
കൃഷി -----------------------------------12
എൻെറ ഭാഗ്യം --------------------------14
കുയിലമ്മ മുട്ടയിട്ടേ!--------------------16
വാനം-------------------------------------20
രാജാവിന്റെ കുതിര--------------------21
വരും കാലം-----------------------------23
പൊതുവിജ്ഞാനം--------------------24
ചെമ്പരത്തി ജ്യൂസ്------------------26
അരയന്നം ദൂതനായി------------------29

പി എസ് എച്ച് എസ്

# ജപ്പാൻ വെള്ളം



"അമ്മേ  ഇന്ന് ഞാൻ അമ്മയോട് ഒരു ചോദ്യം ചോദിക്കാം". അത്യുൽസാഹത്തിലുള്ള ചങ്കുവിൻെറ മുഖത്ത്,ഞാനിപ്പോ അമ്മയേ തോപ്പിക്കും എന്ന ഭാവമായിരുന്നു. അക്കയോട് ചോദിച്ചിട്ട് അക്കയ്ക്കും അറിയില്ല......അപ്പൊ അമ്മയ്ക്കും അറിയില്ലായിരിക്കും

അവൻെറ ലൊകത്തിലെ സർവവിഞ്ജാനകോശമാണ് മൂന്നാം ക്ലാസ്സുകാരിയായ അക്ക." ശരി ചോദിക്ക്". ചോദ്യമറിയാനുള്ള ആകാംക്ഷയിൽ ഞാൻ പറഞ്ഞു. "ഈ ലോകത്തിൽ ഏറ്റവും കൂട്ടുതൽ വെള്ളമുള്ള രാജ്യമേത്? " സത്യത്തിൽ ചോദ്യം കേട്ട് ഞാൻ ഞെട്ടി.... ഇതുവരെ ഇങ്ങനെയൊരു കാര്യം ഞാൻ ചിന്തിച്ചിട്ടേയില്ല.എങ്കിലും ഒരു

**പി എസ് എച്ച് എസ്**

UKG കാരനോട്എങ്ങിനെ തോൽക്കുമെന്നുകരുതി,എൻെറ രാജ്യസ്നേഹം പ്രകടിപ്പിച്ചു . നമ്മുടെ ഇന്ത്യയല്ലേ......!. അയ്യയ്യേ ഈഅമ്മയ്ക്കൊന്നുമറിയില്ല. അവൻെറ confidence കണ്ട് വീണ്ടും ഞാനൊന്നുകൂടി ചിന്തിച്ചു......
ഏയ് ഒരുപിടിയും കിട്ടുന്നില്ല. എൻെറമ്മേ ജപ്പാനിലാണേറ്റവും കൂടുതൽ വെള്ളമുള്ളത്. അമ്മക്കിത്രപോലും
GK ഇല്ലല്ലോ! എന്ന അവൻെറ നിൽപ്! ജപ്പാനിലങ്ങനെ കൂടുതൽ വെള്ളമുണ്ടോ! ...ഇവനിതേത് ചാനലിൽനിന്ന് കിട്ടിയ അറിവാണ്.....എന്നൊക്കെ ചിന്തിച്ച് പുറകേ വന്ന അവൻെറ വിശദീകരണം

"അമ്മേ ജപ്പാനിൽ ഒരുപാട് വെള്ളമുള്ളതുകൊണ്ടല്ലേ..... നമ്മുടെ പൈപ്പിലൊക്കെ ജപ്പാൻ വെള്ളം വരുന്നത്".

മധുരിമ

**പി എസ് എച്ച് എസ്**

# കൂട്ട്



കൂട്ട് കൂടാൻ ഇഷ്ടമാണ്
എൻെറ പോന്ന് കൂട്ടുകാരെ
നല്ലകൂട്ട് ഏത് എന്ന്
നാം എങ്ങനെ അറിയണം

നല്ല പാഠം ചൊല്ലി തന്നും
നല്ല ശീലം പറയുന്നതും
ആരാണെന്ന ബോധ്യത്താലെ
നല്ല കൂട്ട് പാടുള്ളൂ

നല്ല ശീലം പഠിച്ചില്ലെങ്കിൽ
ആപത്താണ് കൂട്ടരെ
ഉറ്റതോഴൻആണെന്നാലും
നല്ലതു മാത്രം പറയണം

നല്ല പ്രവർത്തി ചെയ്യുകിൽ
നൻമ വരും കൂട്ടരെ
കൂട്ടു കൂടാൻ കൂട്ടുകാരും

വൈഗ

**പി എസ് എച്ച് എസ്**

7B

# കൃഷി



പല തൊഴിലുകൾ അന്വേഷിച്ച് അനാവശ്യമായി അലഞ്ഞ ലോകം ഒടുവിൽ കലപ്പയിലേക്കുതന്നെ പിൻതിരിഞ്ഞു.

കർഷകർ ലോകത്തിന്റെ നട്ടെല്ലാണ്. എന്തെന്നാൽ മറ്റുള്ളവരുടെ ജീവൻ അവരെ ആശ്രയിച്ചിരിക്കുന്നു. വേല ചെയ്യുന്ന കർഷകർ യാചിക്കുന്നില്ല. അവൻ കൊടുക്കുകയാണ് ചെയ്യുന്നത്. പക്ഷേ ഇന്ന് അതും ഈ ഭൂമിയിൽ നടക്കുന്നു. മഴക്കാലത്ത് വെള്ളപ്പൊക്കവും വേനൽക്കാലത്ത് വരൾച്ചയും അവർ അനുഭവിക്കുന്നു. അതിന്റെ

**പി എസ് എച്ച് എസ്**

കാരണകാർ നമ്മൾ തന്നെയാണ്. മരങ്ങൾ മുറിച്ചും മലകൾ നികത്തിയും പ്രകൃതിയെ ഉപദ്രവിക്കുമ്പോൾ നമ്മൾ ഓർക്കുന്നില്ല കർഷകർ അനുഭവിക്കുന്ന വേദനകൾ. അവർ വിച്ചാരിക്കാത്ത വിളവ് കിട്ടാത്തത് കൊണ്ട് അവർക്ക് കടങ്ങൾ കൂടുകയും അത് മൂലം കർഷകർ മരണത്തിലേയ്ക്ക് പോകുകയും ചെയ്യുന്നു.

ദാരിദ്ര്യത്തേക്കാൾ വലിയ ദുഃഖമില്ല.കർഷകർ ഇങ്ങനെ മരിക്കുകയാണെങ്കിൽ ദാരിദ്ര്യം നമ്മെ പിടികൂടും.അവർ അവരുടെ ജീവനുവേണ്ടി യാചിക്കുകയാണ്. പ്രകൃതിയെ ഉപദ്രവിക്കാതിരിക്കുക. നമ്മുടെ ഓരോരുത്തരുടെയും വീടിൽ ഒരു ചെറിയ കൃഷിത്തോട്ടം. അതായിരിക്കട്ടെ നമ്മുക്കും പ്രകൃത്തിക്കും കർഷകർക്കും നൽകാവുന്ന പിൻതാങ്ങ്.

ശ്വേത.എസ്. പൈ

9B

# എൻെറ ഭാഗ്യം

ആദ്യമായി കണ്ടനാൾ മുതൽ അങ്ങോളമിങ്ങോളം

ആഓർമകൾ ആസുദിനങ്ങൾ

അത്യുജ്ജ്വലമെന്നന്തരാത്മാവിൽ

ഓരോനിമിഷവും ഓരോപ്രവൃത്തിയും

ഒരു മാതൃകയല്ല,ഒരായിരം മാതൃകകൾ

ലളിതസുന്ദര ജീവീതമാതൃക....

ഗുരുവിൻ പ്രഭാവം സോദരീ നിൻനയനം

സ്നേഹിതതൻ കളിചിരികൊഞ്ചലുകൾ

ഇനിയെന്തുഞാൻ ചൊല്ലണം

പുഞ്ചിരിയോടെ കണ്ണനനയാതെ

അറിയില്ല അറിയില്ല എന്നുമാത്രം എനിക്കറിയാം

അമ്മതൻസ്നേഹക്കരുതൽ

ആപങ്കുവക്കലുകൾ സോദരിയോടെന്നപോൽ

തീർന്നില്ല തീർന്നില്ല ഈ ഓർമകൾ!

തീരില്ല തീരില്ല ഈ അനുഭവങ്ങൾ!!

ജയശ്രീ.ഡി

**പി എസ് എച്ച് എസ്**







ആകാശ് . സി.എസ്

10.B

പി എസ് എച്ച് എസ്

# കുയിലമ്മ മുട്ടയിട്ടേ!



കിക്കി കാക്കമ്മ മാവിൻെറചില്ലയിൽ ചുള്ളിക്കമ്പുകൾ കൊണ്ട് നല്ലൊരു കൂട് ഉണ്ടാക്കി. എന്നിട്ട് അതിൽ താമസവും തുടങ്ങി.  ഇതെല്ലാം കുക്കു കുയിൽ കണ്ടു. മടിച്ചിയായ അവൾ കൂടുണ്ടാക്കാൻ ഒന്നും പോയില്ല മടിപിടിച്ച് ഒരിടത്ത് അനങ്ങാതെ ഇരുന്നു.

ഒരു ദിവസം കുക്കുകുയിൽ എന്ത് ചെയ്തെന്നോ? കിക്കു കാക്കമ്മകാണാതെ കാക്കക്കൂട്ടിൽ പോയി മുട്ടയിട്ടു!  കിക്കു ഇതൊന്നും അറിഞ്ഞതേയില്ല എല്ലാ മുട്ടയും അടയിരുന്നു വിരിയിച്ചു. അങ്ങനെ കാക്ക കുഞ്ഞുങ്ങളുടെ കൂടെ കുയിൽ കുഞ്ഞും വിരിഞ്ഞു. പിന്നീട് പറക്കാറായതും കാക്കക്കൂട് വിട്ട് കുയിൽ കുഞ്ഞ് പറന്നു പോവുകയും ചെയ്തു! “കൂടുണ്ടാക്കാതെ കറങ്ങി നടക്കുന്ന കുയിൽ അമ്മ ഇങ്ങനെയാണല്ലേ മുട്ടയിട്ട് കുഞ്ഞുങ്ങളെ വിരിയിച്ചത്” കാക്കമ്മെയ്ക്ക് മനസ്സിലായി.

ശിവപ്രിയ 8B













**പി എസ് എച്ച് എസ്**





വൃന്ദ 10.B

**പി എസ് എച്ച് എസ്**







## ദീപ. കെ.വി

**പി എസ് എച്ച് എസ്**

# വാനം

**വാനമേ**

**നീയെന്തെല്ലാമായി**

**ചോരകിനിയുന്ന**

**ചുവന്ന സന്ധ്യയായി,**

**മഴയൊഴിഞ്ഞപ്പോ**

**നീലയും വെളുപ്പുമായി**

**എനിക്കിഷ്ടം കറുപ്പായിരുന്നു**

**നിനക്കു പിറന്ന**

**നക്ഷത്രക്കുഞ്ഞുങ്ങളെ**

**കാണിച്ചു തന്ന**

**നിശയിലെ നിന്നെ.!**

മാളവിക ഓമനക്കുട്ടൻ

**പി എസ് എച്ച് എസ്**

# രാജാവിന്റെ കുതിര

യുദ്ധം കഴിഞ്ഞുവന്ന രാജാവ് ഒരു ദിവസം പടക്കുതിരയെ മരച്ചുവട്ടിൽ നിർത്തി കൊട്ടാരത്തിലേക്ക് പോയി. അപ്പോൾ കൊട്ടാരത്തിലെ അലക്കുകാരന്റെ കഴുത മേഞ്ഞു മേഞ്ഞ് കുതിരയുടെ അടുത്തെത്തി. ടിങ്കുഎന്നായിരുന്നു അവന്റെ പേര്. കോട്ടാരത്തിലെ ജോലിക്കാർ പുറത്തേക്ക് വന്നു. അവർ കുതിരയ്ക്ക് മികച്ച ആഹാരവും കുടിക്കാൻ നല്ല വെള്ളവും കൊടുത്തു. മരുന്നുകൾ ചേർത്ത എണ്ണ പുരട്ടി കുതിരയുടെ ശരീരം മിനുക്കുകയും ചെയ്തു.

'ഹേയ്.... എനിക്കും വേണം നല്ല ആഹാരവും മറ്റും,' ടിങ്കുക്കഴുത വിചാരിച്ചു. അത് വാലുയർത്തി 'ബ്രേ...ബ്രേ..' എന്നു കരഞ്ഞുകൊണ്ട് ഓടി വന്നു. അതുകണ്ട പടയാളികൾ അതിനെ തല്ലിയോടിച്ചു. കഴുത കരഞ്ഞുകൊണ്ട് കൂട്ടുകാരനായ കുങ്കൻ കുരങ്ങന്റെ അടുത്തെത്തി.

'ബ്രേ...കണ്ടില്ലേ.. ആ കുതിരയ്ക്ക് അവർ എന്തെല്ലാം കൊടുത്തു. എനിക്കു കിട്ടിയതു തല്ലും. ഞാനും ചെയ്യുന്നത് കൊട്ടാരത്തിലെ ജോലിതന്നെയല്ലേ?'

അപ്പോൾ കുങ്കൻ പറഞ്ഞു: 'ചങ്ങാതീ, രാജ്യം രക്ഷിക്കുന്ന രാജാവിനെയാണ് പടക്കുതിര സഹായിക്കുന്നത്. നീയോ, അലക്കുകാരനെയും. നിന്റെ ജോലി നീ നന്നായി ചെയ്യുക. അപ്പോൾ

**പി എസ് എച്ച് എസ്**

നിന്റെ യജമാനൻ നിനക്ക് അർഹമായ പ്രതിഫലം തരും. അല്ലാതെ, മറ്റുള്ളവർക്കു കിട്ടുന്നത് നോക്കി നടന്നാൽ ഇതായിരിക്കും ഫലം'

കുങ്കൻ പറഞ്ഞത് സത്യമാണെന്ന് ടിങ്കുക്കഴുതയ്ക്ക് മനസ്സിലായി. അവൻ അന്നു മുതൽ തന്റെ ജോലിയിൽ മാത്രം ശ്രദ്ധിച്ച്, സന്തോഷത്തോടെ ജീവിച്ചു തുടങ്ങി.

സൂര്യലക്ഷ്മി 9B

# വരും കാലം

നാലുമണിപ്പൂവുകൾ സുസ്മിതം തൂവുന്ന...
നാരായണക്കിളി നാമം ജപിക്കുന്ന...
കതിരുകൊയ്യും തത്ത കളിപറഞ്ഞീടുന്ന...
ഇന്നിൻെറ സ്വപ്നമാം നാട്
ഇന്നലെകൾ തിരികെ വരും നാട്
പാരിൻതുടിപ്പാകും കുളിർച്ചോല തിരയുമ്പോൾ(2)
കാനൽജലംപോലെ തീർന്നിടുന്നു
വർഷവും വേനലും വഴിതെറ്റി വന്നിടും
ഋതുക്കളാം ചാരുതരപോയ്മറയും............(നാലുമണിപ്പൂവുകൾ)
ഓരോകിനാവിലും കുളിരുതിരയുന്ന...
ആതിരയെ തിരുവാതിരയെ നാമറിയും
ധനുമാസ രജനികൾ ചൂടേറ്റുവീഴുമ്പോൾ
മീനത്തിൽ മുകിൽമാല പെയ്യുതോരും
മർത്യൻെറ ചെയ്തികൾ പ്രകൃതിയാം അമ്മയെ
കാലത്തിൻ മുൻപേപറഞ്ഞയക്കും (2)........(നാലുമണിപ്പൂവുകൾ)
അരുതേ എന്നോതുവാൻ മറ്റാരുമില്ലെന്ന്..
നീതന്നെ ഓർക്കുക, മറക്കരുതെ..
മറഞ്ഞുപോയൊരാ സ്വപ്നകാലത്തിനെ...
വരുംനാളിൽ തിരികെനേടിയെടുക്കുവാൻ
നിന്നിലെ നൻമയെ ലോകംപ്രതീക്ഷിപ്പൂ
നീതന്നെ പരിഹാരം തേടിടേണ്ടൂ
വാഴ്ത്താനും വീഴ്ത്താനും നിൻകരങ്ങൾക്കേകും
ശക്തിയുണ്ടെന്ന് നീ തിരിച്ചറിയൂ ...... ... (നാലുമണിപ്

വി.ബിന്ദു

**പി എസ് എച്ച് എസ്**

## പൊതുവിജ്ഞാനം

1.ഇന്ത്യയുടെ അഭിമാന ദൗത്യമായ ചന്ദ്രയാൻ 3 എന്നാണ് ചന്ദ്രനിൽ വിജയകരമായി ലാൻഡിങ് നടത്തിയത്?

2023 ഓഗസ്റ്റ് 23

2. 2022 ജനുവരിയിൽ അന്തരിച്ച പണ്ഡിറ്റ് ബിർജ് മഹാരാജ് ഏത് നൃത്തരൂപ വിദഗ്ധനായിരുന്നു?

കഥക്

3. ഇന്ത്യയിൽ മുഗൾ ഭരണത്തിന് തുടക്കം ഇട്ട യുദ്ധം?

ഒന്നാം പാനിപ്പട്ട് യുദ്ധം

4.. ഭൂമധ്യരേഖ ദക്ഷിണായന രേഖ എന്നിവ കടന്നുപോകുന്ന ഏക രാജ്യം?

ബ്രസീൽ

5. ഏത് അവയവത്തെ ബാധിക്കുന്ന അണുബാധയാണ് ന്യൂമോണിയ?

ശ്വാസകോശം

6. ശക്തിയുടെ കവി എന്നറിയപ്പെടുന്നതാര്?

**പി എസ് എച്ച് എസ്**

ഇടശ്ശേരി ഗോവിന്ദൻ നായർ

7. നിർമ്മിത ബുദ്ധിയുടെ പിതാവ് എന്നറിയപ്പെടുന്നതാര്?

ജോൺ മക്കാർത്തി

8. കുട്ടനാട്ടിലെ നെൽകൃഷിയിൽ ഉപ്പുവെള്ളം കയറുന്നത് തടയാനായി വേമ്പനാട്ടുകായലിൽ നിർമ്മിച്ചിരിക്കുന്ന ബണ്ട് ഏതാണ്?

തണ്ണീർമുക്കം ബണ്ട്

9. ഏറ്റവും ഉയരത്തിലും കനത്തിലും വളരുന്ന പുല്ല് വർഗ്ഗത്തിൽപ്പെട്ട സസ്യം ഏത്?

മുള

10. 2023 ഫിഫ മികച്ച പുരുഷതാരമായി തിരഞ്ഞെടുത്തത് ആരെയാണ്?

ലയണൽ മെസ്സി.

ആരവ് രാഹുൽ
9B

# ചെമ്പരത്തി ജ്യൂസ്



**ആവശ്യമായ സാധനങ്ങൾ**

| | | |
|---|---|---|
| ചുവന്ന അഞ്ചുതെളുള്ള ചെമ്പരത്തി പൂവ് | : | അഞ്ചെണ്ണം |
| വെള്ളം | : | ഒരു ഗ്ലാസ് |
| ചെറുനാരങ്ങ | : | ഒന്ന് |
| പഞ്ചസാര,ഐസ് ക്യൂബ് | : | ആവശ്യത്തിന് |

**തയ്യാറാക്കുന്ന വിധം**

**പി എസ് എച്ച് എസ്**

* ആദ്യം ചെമ്പരത്തി പൂവ് ഇതലുകൾ അടർത്തിയെടുത്ത് കഴുകി മാറ്റി വയ്ക്കുക

* ഇനി ഒരു ഗ്ലാസ് വെള്ളം നന്നായി തിളപ്പിച്ച് എടുക്കണം.

* തീ അണച്ചശേഷം ഇതിൽ ചെമ്പരത്തി ഇതളുകൾ ഇട്ട് അൽപസമയം മൂടി വയ്ക്കുക.

* ഇതിലേക്ക് ചെറുനാരങ്ങാനീരും പഞ്ചസാരയും ചേർത്ത് യോജിപ്പിക്കാം.

* ഗ്ലാസിലേക്ക് ഒഴിച്ച് ആവശ്യത്തിന് ട്യൂബുകൾ ഇട്ട് കുടിച്ചോളൂ ഉഗ്രൻ ചെമ്പരത്തി ജ്യൂസ്തയ്യാർ.

**അക്ഷയ**
**9 A**

**പി എസ് എച്ച് എസ്**

# അരയന്നം ദൂതനായി

നിഷിധ രാജ്യത്തെ രാജകുമാരൻ ആയിരുന്നു നളൻ. ഒരിക്കൽ നളൻ കൊട്ടാരമുറ്റത്തെ പൂന്തോട്ടത്തിൽ ഇരിക്കുകയായിരുന്നു.

പൂന്തോട്ടത്തിന്റെ നടുവിലായി ഒരു വലിയ കുളമുണ്ട്. കുളത്തിൽ നീന്തി കളിക്കുന്ന അരയന്നത്തെ രാജകുമാരൻ ശ്രദ്ധിച്ചു. കുമാരൻ മെല്ലെ മെല്ലെ അതിനടുത്ത് എത്തി .അതിന്റെ കാലിൽ പിടിച്ചു.

പേടിച്ചുപോയ അരയന്നം "അയ്യോ എന്നെ ഉപദ്രവിക്കരുത്" എന്ന് നിലവിളിച്ചു. കുറച്ചുനേരം അതിനെ രസത്തോടെ നോക്കി നിന്നെങ്കിലും അരയന്നത്തിന്റെ കരച്ചിൽ കേട്ട മനസലിഞ്ഞ കുമാരൻ അതിനെ വിട്ടയച്ചു.

"നന്ദി രാജകുമാരാ..... അങ്ങേയ്ക്ക് എന്താവശ്യം വന്നാലും എന്നെ വിളിക്കണം!", എന്നുപറഞ്ഞ് അരയന്നം പറന്നകന്നു.

വർഷങ്ങൾക്ക് ശേഷം നളൻ നിഷധ രാജ്യത്തെ മഹാരാജാവായി.നായാട്ടിനിറങ്ങിയ രാജാവ് വിദർഭ രാജ്യത്തെ രാജകുമാരിയായ ദമയന്തിയെ കണ്ട് ഇഷ്ടപ്പെട്ടു. തിരിച്ച് കൊട്ടാരത്തിലെത്തിയ രാജാവ് തന്റെ ഇഷ്ടം ദമയന്തിയെ അറിയിക്കാനാകാതെ വിഷമിച്ചു.

ഈ വിവരമറിഞ്ഞ് അരയന്നം നളമഹാരാജാവിന്റെ ഇഷ്ടം ദമയന്തിയെ അറിയിച്ചു.അങ്ങനെ അരയന്നം നളമഹാരാജാവിനെ സഹായിക്കാൻ കഴിഞ്ഞതിൽ വളരെ സന്തോഷമായി...

**പി എസ് എച്ച് എസ്**

# കാശിത്തുമ്പക്ക് വേണ്ടി...............

**ചിത്രങ്ങൾ - സാഫോ**

**എഡിറ്റിംഗ് - ആരവ് രാഹുൽ**
**ശ്വേത എസ് പൈ**
**സൂര്യ ലക്ഷമി**
**മാളവിക ഓമനക്കുട്ടൻ**

**എല്ലാപ്രിയ അദ്ധ്യപകർക്കും അനദ്ധ്യപകർക്കും**

**നന്ദി......**



**പി എസ് എച്ച് എസ്**